# വ്യവസായ കേരളം

72

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 NOVEMBER 2024


# മിന്നും കുതിപ്പ് തുടർന്ന് സംരംഭക വർഷം പദ്ധതി

## പുതു സംരംഭങ്ങളുടെ എണ്ണം മൂന്നുലക്ഷം കടന്നു; പുതു സംരംഭകരിൽ 1,03,988 വനിതകൾ

സംസ്ഥാന സർക്കാരിന്റെ സംരംഭക വർഷം പദ്ധതിയുടെ അവലോകനവും പുതുസംരംഭങ്ങളുടെ എണ്ണം മൂന്നുലക്ഷം കടന്നതിന്റെ ആഘോഷവും സംഘടിപ്പിച്ചു. 2024 നവംബർ 11 ന് എറണാകുളം മറൈൻ ഡ്രൈവ്, താജ് വിവാന്തയിൽ സംഘടിപ്പിച്ച പരിപാടി ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. പരിപാടിയോടനുബന്ധമായി പിഎംഎഫ്എംഇ (പ്രധാൻ മന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിങ് എന്റർപ്രൈസസ്) പദ്ധതിയുടെ വെബ്സൈറ്റും ബഹു. മന്ത്രി പ്രകാശനം ചെയ്തു.

രാജ്യത്തിന്റെ ചരിത്രത്തിൽ തന്നെ മുൻകാല അനുഭവം ചൂണ്ടിക്കാണിക്കാനില്ലാത്ത നേട്ടങ്ങളാണ് സംരംഭക വർഷം പദ്ധതിയിലൂടെ കേരളം സ്വന്തമാക്കിയിരിക്കുന്നത്. രണ്ടര വർഷം പൂർത്തിയാകുമ്പോഴേക്കും 3 ലക്ഷം സംരംഭങ്ങളെന്ന അത്ഭുതാവഹമായ മുന്നേറ്റമാണ് സംസ്ഥാനം കൈവരിച്ചിരിക്കുന്നത്. **32 മാസം കൊണ്ടാണ് 3,25,271 പുതിയ സംരംഭങ്ങൾ എന്ന നേട്ടം കേരളം കൈവരിച്ചത്. പുതു സംരംഭകരിൽ 1,03,988 പേർ വനിതകളാണ്** എന്നത് ശ്രദ്ധേയമാണ്. ഇതിലൂടെ 20,824.09 കോടി രൂപയുടെ നിക്ഷേപമെത്തി. 6,89,840 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.




വ്യവസായ പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എ.പി.എം. മുഹമ്മദ് ഹനീഷ് ഐഎഎസ്, വ്യവസായ വാണിജ്യ ഡയറക്ടർ ശ്രീ. കെ.ഗോപാലകൃഷ്ണൻ ഐഎഎസ്, കെ.എസ്.ഐ.ഡി.സി. മാനേജിങ് ഡയറക്ടർ ശ്രീ. എസ് ഹരികിഷോർ ഐഎഎസ്, കിൻഫ്ര എം.ഡി ശ്രീ. സന്തോഷ് കോശി തോമസ്, വ്യവസായവകുപ്പ് അഡീഷണൽ ഡയറക്ടർ ശ്രീ. ജി. രാജീവ്, സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ പ്രസിഡന്റ് ശ്രീ. എ. നിസാറുദ്ദീൻ, സിഐഐ മുൻ ചെയർമാൻ ശ്രീ. ശിവദാസ് ബി. മേനോൻ, ഫിക്കി പ്രതിനിധി ശ്രീ. യു. സി. റിയാസ് എന്നിവർ പങ്കെടുത്തു.

## വിവരങ്ങൾ വിരൽത്തുമ്പിലാക്കി പി.എം.എഫ്.എം.ഇ. വെബ്സൈറ്റ്




പ്രധാൻമന്ത്രി ഭക്ഷ്യ സംസ്കരണ സംരംഭങ്ങളുടെ രൂപവൽക്കരണ (പി.എം.എഫ്.എം.ഇ.) പദ്ധതിയുടെ വിവരങ്ങൾ പൊതു ജനങ്ങളിലേക്ക് എത്തിക്കുന്നതിനും കൂടുതൽ പേരെ ഭക്ഷ്യ സംസ്കരണ സംരംഭക മേഖലയിലേക്ക് ആകർഷിക്കുന്നതിനുമായി പി.എം.എഫ്.എം.ഇ. പദ്ധതി വെബ്സൈറ്റ് **www.pmfmekerala.org** ബഹു.നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു.

പദ്ധതിയുടെ വിവരങ്ങൾ സാധാരണക്കാർക്ക് വളരെ വേഗം മനസ്സിലാക്കുന്നതിനും സേവനങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിനും സാധിക്കുന്നതാണ് ഇംഗ്ലീഷിലും മാതൃഭാഷയിലും തീർത്ത വെബ്സൈറ്റുകൾ. പദ്ധതിയുടെ പൂർണ വിവരങ്ങളും വിശദമായ ഘടനയും മാർഗ രേഖകളും സംസ്ഥാനത്തിന്റെ നേട്ടങ്ങളും വെബ്സൈറ്റിൽ അടങ്ങിയിട്ടുണ്ട്.

## കേരളത്തിൽ ഒരു മിനിറ്റ് മതി സംരംഭം ആരംഭിക്കാൻ;
### കെസ്വിഫ്റ്റ് അക്നോളജ്മെന്റിൽ സുപ്രധാന ഭേദഗതി

കെ - സ്വിഫ്റ്റ് അക്നോളജ്മെന്റിലൂടെ ഒരു മിനുട്ടിൽ 50 കോടി വരെയുള്ള സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുമെന്നതായിരുന്നു ഏറ്റവും വലിയ പ്രത്യേകത. എന്നാൽ കെ - സ്വിഫ്റ്റ് അക്നോളജ്മെന്റ് ഉണ്ടെങ്കിലും ഇതിന്റെ ആധികാരികത സംബന്ധിച്ച് ബാങ്കിംഗ് സ്ഥാപനങ്ങളിൽ ഉൾപ്പെടെ ആശയക്കുഴപ്പമുള്ളതായും മൂന്ന് വർഷം കഴിഞ്ഞ് ചില കടലാസുകൾ കിട്ടാൻ വിഷമതകളുണ്ടെന്നും സംരംഭകരും ചില സംഘടനകളും ആശങ്ക രേഖപ്പെടുത്തിയിരുന്നു.



ഇത്തരമൊരു പ്രതിസന്ധി ഇല്ലാതിരിക്കുന്നതിനായാണ് 2019ലെ പ്രധാന നിയമത്തിൽ സുപ്രധാന ഭേദഗതി സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇനിമുതൽ കെ - സ്വിഫ്റ്റ് വഴി ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾക്ക് 'തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രം (in principle approval)' എന്ന അധികാരമാണ് ലഭിക്കുക. ഇത് ബാങ്കുകളിലുൾപ്പെടെ സംരംഭകർ നേരിടുന്ന പ്രശ്നം പൂർണമായും ഇല്ലാതാക്കും. ഒപ്പം നിലവിലെ നിയമപ്രകാരം 3 വർഷം പ്രവർത്തിച്ചുകഴിഞ്ഞ് 6 മാസത്തിനുള്ളിൽ എല്ലാ ലൈസൻസുകളും നേടിയെടുത്താൽ മതിയെന്നാണ് ഉണ്ടായിരുന്നത്. 6 മാസം കൊണ്ട് മുഴുവൻ ലൈസൻസുകളും നേടുന്നതിൽ ചിലപ്പോഴെങ്കിലും സംരംഭകർക്ക് ബുദ്ധിമുട്ട് നേരിടുന്നുവെന്ന പരാതി ലഭിച്ചതിനാൽ ഇപ്പോൾ കൊണ്ടുവന്ന ഭേദഗതിയിലൂടെ തത്വത്തിലുള്ള അംഗീകാര സാക്ഷ്യപത്രത്തിന്റെ കാലാവധിയായ മൂന്നര വർഷത്തിനുള്ളിൽ എപ്പോൾ വേണമെങ്കിലും സംരംഭകന് ലൈസൻസ് നേടാൻ സാധിക്കും. അതായത് 50 കോടിയിൽ താഴെ മുതൽ മുടക്കു വരുന്നതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പു വിഭാഗത്തിൽ പെടാത്തതുമായ സംരംഭങ്ങൾക്കെല്ലാം കെ - സ്വിഫ്റ്റ് വഴി ഇനി ലഭിക്കുക തത്വത്തിലുള്ള അംഗീകാര പത്രമായിരിക്കും. ഈ അംഗീകാരപത്രം ലഭിച്ചാൽ മൂന്നര വർഷത്തിനുള്ളിൽ ബന്ധപ്പെട്ട അനുമതികൾ നേടിയാൽ മതിയാകും.

21st EDITION

# KERALA BAMBOO FEST

# മുളമേളക്ക് അരങ്ങുണരുന്നു

## പങ്കെടുക്കുന്നതിനായി അപേക്ഷകൾ ഇപ്പോൾ സമർപ്പിക്കാം

മുളയും അനുബന്ധ ഉത്പ്പന്നങ്ങളുമായി ബന്ധപ്പെട്ട മേഖലയിലെ കരകൗശല വിദഗ്ധർക്ക് തങ്ങളുടെ ഉത്പ്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുന്നതിനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന ബാംബൂ മിഷൻ സംഘടിപ്പിക്കുന്ന **21–ാമത് കേരള ബാംബൂ ഫെസ്റ്റിൽ പങ്കെടുക്കുന്നതിനായി അപേക്ഷകൾ ഓൺലൈനായി ഇപ്പോൾ സമർപ്പിക്കാം.** എറണാകുളം, മറൈൻ ഡ്രൈവ് മൈതാനിയിൽ **2024 ഡിസംബർ 7 മുതൽ 12 വരെയാണ്** ബാംബൂ ഫെസ്റ്റ് സംഘടിപ്പിക്കുന്നത്. ഡിസംബർ ഏഴിന് വൈകിട്ട് എറണാകുളം മറൈൻ ഡ്രൈവ് ഗ്രൗണ്ടിൽ ബഹുമാനപ്പെട്ട കേരള നിയമ, വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് കേരള ബാംബൂ ഫെസ്റ്റ് 21 മത് എഡിഷൻ ഉദ്ഘാടനം ചെയ്യും. രാവിലെ 10.30 മുതൽ വൈകിട്ട് 8.30 വരെയാണ് പ്രദർശന സമയം.



### സ്റ്റാൾ രജിസ്ട്രേഷൻ

കേരള സംസ്ഥാന ബാംബൂ മിഷൻ വെബ് പോർട്ടലിൽ ബാംബൂ ആർട്ടിസാൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയവർക്ക് ബാംബൂ ഫെസ്റ്റിന് അപേക്ഷിക്കാവുന്നതാണ്. കൂടാതെ മുൻ വർഷങ്ങളിൽ നിന്നും വ്യത്യസ്തമായി പൂർണ്ണമായും മുള കരകൗശല മേഖലയിൽ പ്രവർത്തിക്കുന്ന, കുറഞ്ഞത് 10 അംഗങ്ങൾ ഉള്ള രജിസ്ട്രേഡ് സൊസൈറ്റി, എൻ. ജി. ഒ., എസ്.എച്ച്.ജി., മറ്റ് രജിസ്ട്രേഡ് ബാംബൂ കരകൗശല ഗ്രൂപ്പുകൾ തുടങ്ങിയവർക്ക് നിബന്ധനകൾക്ക് വിധേയമായി ബാംബൂ ഫെസ്റ്റിൽ ഒരു സൗജന്യ സ്റ്റാൾ അനുവദിക്കുന്നതാണ്.

### ബാംബൂ ഗ്യാലറി

മുൻവർഷങ്ങളെ പോലെ ഇത്തവണയും ബാംബൂ ഫെസ്റ്റിൽ ബാംബൂ പ്രോഡക്റ്റ് ഗാലറി ഉണ്ടായിരിക്കും. ഫെസ്റ്റിൽ പങ്കെടുക്കുന്നവർക്ക് തങ്ങളുടെ ഏറ്റവും മികച്ച ഒരു ബാംബൂ പ്രോഡക്റ്റ് ഗ്യാലറിയിൽ പ്രദർശിപ്പിക്കുന്നതിന് അവസരമൊരുക്കും.

### ലൈവ് ഡെമോ

ഫെസ്റ്റ് ദിവസങ്ങളിൽ ഉത്പന്ന നിർമാണങ്ങളുടെ ലൈവ് ഡെമോയും സന്ദർശകർക്കായി ഒരുക്കുന്നുണ്ട്.

### ബാംബൂ മിഷൻ തിരിച്ചറിയൽ കാർഡ്

കേരള സംസ്ഥാന ബാംബൂ മിഷൻ പോർട്ടലിൽ ആർട്ടിസാൻ ആയി രജിസ്റ്റർ ചെയ്തവർക്കുള്ള തിരിച്ചറിയൽ കാർഡ് വിതരണം ബാംബൂ ഫെസ്റ്റ് ഉദ്ഘാടന ചടങ്ങിനോട് അനുബന്ധിച്ച് സംഘടിപ്പിക്കും. പോർട്ടലിൽ രജിസ്റ്റർ ചെയ്തവരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടവർക്ക് ആണ് ആദ്യഘട്ടം കാർഡ് അനുവദിക്കുക.

**രജിസ്ട്രേഷനും കൂടുതൽ വിവരങ്ങൾക്കും സന്ദർശിക്കുക**
**www.keralabamboomission.org**



## ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിദ്യാർത്ഥികൾക്കും മികച്ച അവസരം

## കൊച്ചി ഇൻഫോപാർക്കിൽ ഐ.ബി.എം. ജെൻ എ.ഐ സെന്റർ



ആഗോള ഐ.ടി കമ്പനിയായ ഐ.ബി.എമ്മിന്റെ ജനറ്റിക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (ജെൻ എ.ഐ) ഇന്നവേഷൻ സെന്റർ കൊച്ചി ഇൻഫോപാർക്കിൽ ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. 'ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും ഐ.ബി.എമ്മിന്റെ വാട്സൺഎക്സ് പ്ലാറ്റ്ഫോമിലുള്ള ജെൻ. എ. ഐ ലാബുമായി സഹകരണം വർദ്ധിപ്പിക്കും. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിദ്യാർത്ഥികൾക്കും സൗജന്യമായി ജെൻ. എ.ഐ. ലാബിൽ ഉത്പന്ന മാതൃക, പരീക്ഷണങ്ങൾ എന്നിവ നടത്താനാകുമെന്നത് മികച്ച അവസരമാണെന്നും ബഹു. മന്ത്രി പറഞ്ഞു.

കമ്പനിയുടെ ലോകത്തെ ഏറ്റവും മികച്ച ഓഫീസ് സംവിധാനമാണ് കൊച്ചിയിലേതെന്ന് സോഫ്റ്റ്‌വെയർ ലാബ്സ് വൈസ് പ്രസിഡന്റ് ശ്രീ വിശാൽ ചഹേൽ പറഞ്ഞു. 2000 പേരാണ് സെന്ററിൽ ജോലി ചെയ്യുന്നത്. ഭാവിയിൽ 5000 ആകുമെന്നാണ് പ്രതീക്ഷ. അന്താരാഷ്ട്ര ഉപഭോക്താക്കൾക്കുള്ള അവതരണ സംവിധാനം, ജീവനക്കാർക്കും ഉപഭോക്താക്കൾക്കും ശില്പശാലകളും കൂടികാഴ്ചകളും നടത്താനുള്ള സംവിധാനം, വിദ്യാർത്ഥികൾക്കും സ്റ്റാർട്ടപ്പുകൾക്കുമുള്ള സംവിധാനം എന്നിവയാണ് കേന്ദ്രത്തിലെ പ്രധാന സൗകര്യങ്ങൾ വാട്സൺ എക്സ് പ്ലാറ്റ്ഫോമിന്റെ പൂർണ ഡെവലപ്മെന്റ് പ്രവർത്തനങ്ങൾ കൊച്ചിയിലായിരിക്കും.







Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.